"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - പ്ലാൻ ഫണ്ട് 2024-25 - ഇംഹാൻസ് - 'Modern Speech and Audiology Unit സ്ഥാപിക്കൽ' എന്ന പ്രവൃത്തി പൂർത്തിയാക്കിയ വകയിൽ - അന്തിമ ബിൽ തുക റിലീസ് ചെയ്ത് - ഉത്തരവാകുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്**

സ.ഉ.(സാധാ) നം.887/2025/H&FWD തീയതി,തിരുവനന്തപുരം, 26-03-2025

---

പരാമർശം:-

1. സ.ഉ.(സാധാ)നം.55/2024/ആ.കു.വ. തീയതി 09/01/2024.
2. സ.ഉ.(സാധാ)നം.1466/2024/ആ.കു.വ. തീയതി 20/06/2024.
3. സ.ഉ.(സാധാ)നം.765/2025/ആ.കു.വ. തീയതി 17.03.2025.
4. ഇംഹാൻസ് ഡയറക്ടറുടെ 17.02.2025 തീയതിയിലെ 135/2024/IMHNANS നമ്പർ കത്ത്.
5. സ.ഉ.(സാധാ).നം.670/2025/ആ.കു.വ. തീയതി 06/03/2025

**<u>ഉത്തരവ്</u>**

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് & ന്യൂറോസയൻസസ് (ഇംഹാൻസ്)-ൽ Modern Speech and Audiology Unit സ്ഥാപിക്കുന്നതിനായി 42.5 ലക്ഷം രൂപ രൂപയുടെയും, Polysomnography/Sleep Recording Laboratory സ്ഥാപിക്കുന്നതിനായി 60.77 ലക്ഷം രൂപയുടെയും ഭരണാനുമതികൾ '2210-05-200-95 (പ്ലാൻ)' എന്ന ശീർഷകത്തിനു കീഴിൽ നൽകികൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് പരാമർശം (2) പ്രകാരം 'Modern Speech and Audiology Unit സ്ഥാപിക്കൽ' എന്ന പ്രവൃത്തിക്കായി 26,01,849/- രൂപ, '2210-05-200-95-36 (പ്ലാൻ)' എന്ന ശീർഷകത്തിൽ നിന്നും റിലീസ് ചെയ്തും ഉത്തരവായിരുന്നു. കൂടാതെ പരാർശം (3) പ്രകാരം 'ഇംഹാൻസിൽ Modern Speech and Audiology Unit സ്ഥാപിക്കൽ' എന്ന പ്രവൃത്തിയുടെ ഭരണാനുമതി തുക 42,50,000/- രൂപയിൽ നിന്നും 43,86,022/- രൂപ ആയി ഉയർത്തിക്കൊണ്ടും 'ഇംഹാൻസിൽ Polysomnography / Sleep Recording Laboratory സ്ഥാപിക്കൽ' എന്ന പ്രവൃത്തിയുടെ ഭരണാനുമതി തുക 60,77,800/- രൂപയിൽ നിന്നും 54,20,655/- രൂപ ആയി കുറച്ചു കൊണ്ടും പുതുക്കിയ ഭരണാനുമതി '2210-05-200-95 (പ്ലാൻ)' എന്ന ശീർഷകത്തിനു കീഴിൽ നൽകുകയുണ്ടായി.

**2.** ഇംഹാൻസിൽ 'Modern Speech and Audiology Unit' സ്ഥാപിച്ചതിന്റെ ശേഷിച്ച തുക അനുവദിക്കുന്നതിനുവേണ്ടി പ്രസ്തുത പ്രവൃത്തി ഏൽപ്പിച്ചിരുന്ന കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് -ന്റെ മാനേജിംഗ് ഡയറക്ടർ ബിൽ സമർപ്പിച്ചതായും, മേൽ സാഹചര്യത്തിൽ 'Modern Speech and Audiology Unit സ്ഥാപിക്കൽ' എന്ന പ്രവൃത്തി പൂർത്തിയാക്കിയ വകയിൽ ശേഷിക്കുന്ന തുകയായ 17,84,173/- രൂപ അനുവദിച്ച്

ഉത്തരവാകണമെന്ന് പരാമർശ കത്ത് പ്രകാരം ഇംഹാൻസ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

3 . സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (3) പ്രകാരം 'ഇംഹാൻസിൽ Modern Speech and Audiology Unit സ്ഥാപിക്കൽ' എന്ന പ്രവർത്തിയ്ക്കായി നൽകിയ 43,86,022/- രൂപയുടെ പുതുക്കിയ ഭരണാനുമതി ഉത്തരവിന്റെ വെളിച്ചത്തിൽ, കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് ലഭ്യമാക്കിയ അന്തിമ ബിൽ സെറ്റിൽ ചെയ്യുന്നതിനായി പരാമർശം (5) പ്രകാരം ഇംഹാൻസിന് '2210-05-200-95 (പ്ലാൻ)' ശീർഷകത്തിൽ നിജപ്പെടുത്തി നൽകിയ 180 ലക്ഷം രൂപയിൽ ശേഷിക്കുന്ന തുകയിൽ നിന്നും **17,84,173/-രൂപ (പതിനേഴ് ലക്ഷത്തി എൺപത്തിനാലായിരത്തി ഒരുന്നൂറ്റി എഴുപത്തിമൂന്ന രൂപ മാത്രം) '2210-05-200-95-36 (പ്ലാൻ)'** എന്ന ശീർഷത്തിൽ നിന്നും ഇംഹാൻസ്-ന് റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുഭാഷ് ആർ
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് & ന്യൂറോസയൻസസ് (ഇംഹാൻസ്), കോഴിക്കോട്
അക്കൌണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ധനകാര്യ (ഹെൽത്ത് -എ) വകുപ്പ് (നം.2628679/HLT-A3/169/2023-FIN തീയതി 25.03.2025 പ്രകാരം)
വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി(P3/142/2023-HEALT)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ
Signed by
Gayathri G
Date: 26-03-2025 13:26:56